# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കാവാലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:-ddhglfalpy@gmail.com.**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.10-1569/15 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി. 23.12.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1,2,3,4 എന്നീ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 5,8,9,11 എന്നീ. ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.പി.എൽ.പി-പി6-1569/2015 തീയതി - 23.12.2015

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,**

**1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2014 മുതൽ 28.02.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഇ.വി. മഹേശ്വരി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11 .2015 മുതൽ 20.11.2015വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.ഡി.ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജീവ്. ആർ, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.മോളമ്മ സതീശ്കുമാർ | 01.04.2013 മുതൽ 05.12.2013 വരെ |
| 2 | ശ്രീ.ഓമനക്കുട്ടൻ ജനാർദ്ദനൻ | 06.12.2013 മുതൽ 31.03.2014 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. ഗ്രേസി ജോസഫ് | 01.04.2013 മുതൽ 07.07.2013 വരെ |
| 2 | ശ്രീ.പി.എസ്.ശിഖിവാഹനൻ | 08.07.2013 മുതൽ 31.03.14 വരെ |

3) <u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| | | | |
|---|---|---|---|
| 1 | ധനകാര്യം | ജിജി അഭിലാഷ് | 01.04.2013മുതൽ 31.3.2014 വരെ |
| 2 | വികസനകാര്യം | തുളസി അശോകൻ | 01.04.2013മുതൽ 31.03.2014 വരെ |
| 3 | ക്ഷേമകാര്യം | അന്നമ്മ അഗസ്റ്റിൻ | 01.04.2013മുതൽ 28.04.2013വരെ |
| 4 | | സോണിക്കുട്ടി | 29.04.2013 മുതൽ 31.03.2014 വരെ |
| 5 | ആരോഗ്യകാര്യം - വിദ്യാഭ്യാസകാര്യം | പി.ഉദയകുമാർ | 01.04.2013മുതൽ 30.07.2013 വരെ |
| 6 | | കെ.സി.ജോസഫ് | 31.07.2013 മുതൽ 31.03.2014വരെ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. സിറാജുദ്ദീൻ | 01.04.2013 മുതൽ 31.03.2014വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ദിവ്യാ ചന്ദ്രൻ | 1.4.2013 മുതൽ 31.03.2014 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രാജശ്രീ. വി | 01.04.2013 മുതൽ 31.03.2014 വരെ |
| 4 | വി.ഇ.ഒ | ശ്രീ. ആന്റണി റോഷൻ | 01.04.2013 മുതൽ 31.03.2014 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി , കാവാലം | ഡോ. വിനീത | 01.04.2013 മുതൽ 31.03.2014 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.സുഭാഷ് | 01.04.2013 മുതൽ 31.03.2014വരെ |
| 7 | എച്ച്.എം, ഗവ.എൽ.പി.എസ്, കാവാലം | ശ്രീമതി. അന്നമ്മ വർഗ്ഗീസ് | 01.04.2013 മുതൽ 31.03.2014 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. ജയകുമാർ | 01.04.2013 മുതൽ 23.08.2013 വരെ |

| | | | |
|---|---|---|---|
| 9 | | ശ്രീമതി.ശില്പാ ജോസഫ് | 24.08.2013 മുതൽ 24.11.2013 വരെ |
| 10 | | ശ്രീ. ലാൽകുമാർ.വി.കെ | 25.11.2013 മുതൽ 31.03.2014 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ജുലാദേവി | 01.04.2013 മുതൽ 31.03.2014വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| | **ഭാഗം 2** | |
| 2 | ലേലത്തുക ഈടാക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടു. | **2-1** |
| 3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | **2-2** |
| 4 | തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നില്ല | **2-3** |
| | ഡി&ഒ ലൈസൻസ് - പൊതുവായ അപാകതകൾ | 2-4 |
| | **ഭാഗം 3** | |
| 5 | കാവാലം ജി.എൽ.പി.എസ്.കല്ലുകെട്ടി സംരക്ഷണം--അപാകത | **3-1** |
| 6 | പമ്പാവാലി ഇറിഗേഷൻ- | **3-2** |
| 7 | ജലനിധി കമ്മ്യൂണിറ്റി ഇറിഗേഷൻ - വാർഡ് 2 | **3-3** |
| 8 | നാളികേരവികസനപദ്ധതി- പ്രോജക്ടിൽ വകയിരുത്തിയതിൽ കൂടുതൽ തുക ഗുണഭോക്തൃവിഹിതം ഈടാക്കി | **3-4** |
| 9 | PWD റോഡു മുതൽ പ്ലാംകോട് വരെ ഓട നിർമ്മാണം- (so-108/14) – ചെയ്യാത്ത ഇനങ്ങൾക്ക് അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിച്ചു തുക നൽകി- നഷ്ടം-രൂപ | **3-5** |

| | | |
|---|---|---|
| 10 | യഥാർത്ഥത്തിൽ നിർവ്വഹിച്ച വേലയുടെ അളവു പരിഗണിക്കാതെ എസ്റ്റിമേറ്റ് അളവിന് തുക നൽകിയതുമൂലം നഷ്ടമുണ്ടായത് സംബന്ധിച്ച്- | **3-6** |
| 11 | ചെലവുരേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. | **3-7** |
| 12 | പരസ്യചാർജിന് ഡിസ്കൌണ്ട് ലഭ്യമാക്കിയില്ല | **3-8** |
| 13 | അംഗൻവാടികളുടെ ശോചനീയാവസ്ഥ | **3-9** |
| 14 | നിത്യതയിലായ വനിതാ വിശ്രമ കേന്ദ്രം | **3-10** |
| 15 | അക്കൗണ്ടന്റിന്റെ ശമ്പളത്തിൽ നിന്നും എസ്.എൽ.ഐ.പ്രീമിയം ഒടുക്കുന്നില്ല | **3-11** |
| 16 | കാലിത്തൊഴുത്ത് നിർമ്മാണം- വിശദമായ വാല്യുവേഷൻ ഇല്ല. | **3-12** |
| 17 | തെരുവ് വിളക്ക് വൈദ്യുതിചാർജ്-രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | **3-13** |
| 18 | നാലാം വാർഡിലെ പോസ്റ്റുകളിൽ സി.എഫ്.എൽ സ്ഥാപിക്കൽ | **3-14** |
| 19 | ആർജ്ജിതാവധി സറണ്ടർ - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല | **3-15** |
| 20 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - അവലോകനം | **3-16** |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | **3-17** |
| | **ഭാഗം 4** | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | .4-1 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-2 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27-03-2013 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 6,52,63,000/- രൂപയും, ചെലവ് 7,58,20,000/- രൂപയും, നീക്കിയിരിപ്പ് 2,20,000/- രൂപയുമാണ്.

**1-2 വാർഷിക ധനകാര്യപത്രിക.**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2014 | 12.6.2014 | | |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2013-14 | 14.9.14 | എൽ.എഫ്.ജി.എ.6/659(57)/30.10.14-unqualified |

**1-4 സാമ്പത്തിക വിശകലനം**

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 11436578 |
| വരവ് | :- | 44236527 |
| ആകെ | :- | 55673105 |
| ചെലവ് | :- | 42969733 |
| നീക്കിയിരിപ്പ് | :- | 12703372 |

**1-5 ഫണ്ട് വിനിയോഗം 2013-14**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 35349 | 5747000 | 5782349 | 4872476 | 909873 | 84 |
| വികസനഫണ്ട് എസ്.സി.പി. | 1871563 | 1602000 | 34733563 | 1736882 | 1736681 | 50 |
| വികസനഫണ്ട് ടി.എസ്.പി. | Nil | 21000 | 21000 | 21000 | Nil | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 529329 | 1258000 | 1787329 | 1390011 | 397318 | 77 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 239460 | 1864000 | 2103460 | 1682918 | 420542 | 80 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Nil | 3372000 | 3372000 | 2596542 | 775458 | 77 |
| പെർഫോമൻസ് ഗ്രാന്റ് | 991026 | 1952000 | 2943026 | 2086516 | 856510 | 71 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3134 | 3140255 | 3143389 | 2889555 | 253834 | 92 |
| ബി ഫണ്ട് | Nil | 10331937 | 10331937 | 10331937 | Nil | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2013-14

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 22978478 | 133 | 14479635 | 1 | 11 | 91 |

## 1-7 തനത് വരുമാനം.

| ഇനം | തൻവർഷം (2013-14) |
|---|---|
| നികുതി വരവുകൾ | 985635 |
| നികുതിയേതര വരവുകൾ | 2941408 |
| മറ്റുവരവുകൾ | 4871489 |
| ആകെ | 8798532 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2013-14

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 178440 | 466 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5391680 | 1171 |
| വിധവാപെൻഷൻ | 2573229 | 356 |
| വാർദ്ധക്യകാലപെൻഷൻ | 510790 | 142 |
| വികലാംഗപെൻഷൻ | 1274519 | 185 |
| അവിവാഹിതപെൻഷൻ | 283279 | 40 |
| വിവാഹധനസഹായം<br>(വിധവകളുടെ പെൺമക്കൾക്ക്) | 120000 | 9 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 17.11.2015 03.00 PM ന് നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം.**

വൗച്ചറുകളോടൊപ്പം സാംഖ്യാ സമ്പ്രദായ പ്രകാരം സൂക്ഷിക്കേണ്ട പേയ്മെന്റ് ഓർഡർ സൂക്ഷിക്കുന്നില്ല. വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് അനുവദിക്കുന്നതിനുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നവരിൽ നിന്നും പ്രത്യേകിച്ചും കടത്ത് ലേലം കൈക്കൊള്ളുന്നവരിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാത്തതുമൂലം ലേലം കൈക്കൊണ്ടവർ വരുത്തുന്ന കുടിശിക തുക പോലും ഇടാക്കാൻ പറ്റാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4/15 മുതൽ 7/15 വരെ | 1.4.15 – 31.7.15 | 12.11.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.8.08 മുതൽ 10.9.08 വരെ | 1997-98 മുതൽ 2007-08 വരെ | 11.9.08 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലത്തുക ഈടാക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടു.

ലേലം കൊണ്ട വ്യക്തികളിൽ നിന്നും ലേലത്തുക ഈടാക്കുന്നതിൽ പഞ്ചായത്തധികൃതർ പരാജയപ്പെട്ടു. ലേല വ്യവസ്ഥകളിൽ ചേർത്തിട്ടുള്ള കനാൽ ഓഫീസിൽ നിന്നുള്ള ലൈസൻസ്, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ 2013-14 വർഷം തട്ടാശ്ശേരി കടവിൽ കടത്തിറക്കുന്നതിന് ലേലംകൊണ്ട താഴെപ്പറയുന്ന വ്യക്തികൾ ഹാജരാക്കിയിട്ടില്ല. ലേല വ്യവസ്ഥകൾ പ്രകാരം ലേലത്തുകയുടെ മൂന്നിലൊന്ന് ലേലത്തീയതിയിൽ തന്നെയും ബാക്കി തുക രണ്ട് തവണകളായി 2013 മെയ് 31, 2013 ആഗസ്റ്റ് 31 എന്നീ തീയതികൾക്ക് മുൻപായി അടക്കേണ്ടതായിരുന്നെങ്കിലും താഴെപ്പറയുന്ന വ്യക്തികൾ 2013-14 വർഷം ലേലത്തുക പൂർണ്ണമായി അടച്ചിട്ടില്ല. അടയ്ക്കാൻ ബാക്കിയുള്ള തുകയുടെ വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | പേര്/ മേൽവിലാസം | ഒടുക്കാനുള്ള തുക |
|---|---|---|

| | | |
|---|---|---|
| 1 | അജയഘോഷ്, മാടപ്പള്ളി, കുന്നുമ്മ | 42,150 |
| 2 | വി.ആർ. മോഹനൻ, വഞ്ചിപ്പുരയ്ക്കൽ, കുന്നുമ്മ | 70,100 |
| | ആകെ | 1,12,250 |

ലേലംകൊണ്ട വ്യക്തികളിൽ നിന്നും സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാത്തതിനാൽ ഇവർക്കെതിരെയുള്ള റവന്യു റിക്കവറി നടപടികൾ ഫലപ്രദമായില്ല. ആയതിനാൽ രാമങ്കരി കോടതിയിൽ ഒ.എസ്.367/2015 പ്രകാരം ശ്രീ. അജയഘോഷിനെതിരെ ഒ.എസ്.369/15 പ്രകാരം ശ്രീ. മോഹനനെതിരെയും കേസ് ഫയൽ ചെയ്തിട്ടുണ്ട്. സോൾവൻസി സർട്ടിഫിക്കറ്റുകൾ വാങ്ങിയിരുന്നെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരം ഈടാക്കാമായിരുന്ന തുക ഈടാക്കുന്നതിനായി കേസ് ഫയൽ ചെയ്യുക വഴി വക്കീൽ ഫീസിനത്തിൽ പഞ്ചായത്തിന് വീണ്ടും ചെലവുണ്ടാകുകയും തൻമൂലം നഷ്ടം കൂടുതലാകുകയും ചെയ്യുന്നു. കോടതി നടപടികൾ ത്വരിതപ്പെടുത്തി പലിശ്ശയുൾപ്പടെ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേല്ക്കാലയളവിലെ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-2 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

14.11.2011 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2013-14 വർഷത്തെ വസ്തു നികുതി നിശ്ചയിച്ചപ്പോൾ, നിർണ്ണയിച്ച നികുതിയിൽ കുറവ് വന്നു. വിശദാംശം താഴെച്ചേർക്കുന്നു. ഇവരുടെ നികുതി പുനർനിർണ്ണയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം നഷ്ടത്തിനുത്തര വാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

| ക്രമ നം | പേര്/ മേൽവിലാസം | അടിസ്ഥാന നികുതി (വിസ്തീർണ്ണം x നിരക്ക്) | ഇളവുകൾ/ വർദ്ധനവ്<br>-----------------<br>ദ്വിതീയമേഖല-10%<br>വഴിയില്ല-20%<br>നടപ്പാത-10%<br>കുറഞ്ഞതരം മേല്ക്കൂര -10%<br>------------------<br>5 മീറ്ററിൽ കൂടുതലുള്ള വഴി+ 20% | ഇളവുകൾ | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജോൺ.എം.ഡി, എഴുപതിൽച്ചിറ, കുന്നുമ്മ, 2/296D | 32X7=224 | ദ്വിതീയ മേഖല നടപ്പാത, മേല്ക്കൂര 10+10+10 = -30% | 67 | 157 | 67 | 90 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ആനന്ദവല്ലി, അറയ്ക്കൽ, ചെറുകര, 5/312C | 17.88X60=1073 (വ്യാപാരസ്ഥാപനം) | -- | -- | 1073 | 805 | 268 |
| 3 | ഗോപാലൻ ഭാസ്ക്കരൻ, വെണ്ണലടി, കാവാലം, | 44.8x7=314 | ദ്വിതീയ മേഖല നടപ്പാത, മേല്ക്കൂര -30% | 94 | 220 | 142 | 78 |
| 4 | സജിമോൾ സത്യപ്രസാദ്, അബിൻ നിവാസ്, കാവാലം,7/224A | 68x7=476 | ദ്വിതീയ മേഖല, നടപ്പാത - 20% | 95 | 381 | 262 | 119 |
| 5 | റെജിമോൻ എം.സി, മാങ്കുഴി, കുന്നുമ്മ, 3/251A | 63x7=441 | ദ്വിതീയം, നടപ്പാത, മേല്ക്കൂര - 30% | 132 | 309 | 199 | 110 |
| 6 | പൊന്നപ്പൻ, കലവറശ്ശേരി, കുന്നുമ്മ, 1/218E | 35x7=245 | ദ്വിതീയ മേഖല, നടപ്പാത - 20% | 49 | 196 | 135 | 61/2=31 (രണ്ടാം പകുതി മാത്രം) |
| 7 | സുകുമാരൻ/ തങ്കമ്മ, ചേരംചേരി, കാവാലം,5/112 | 21.46x60=1288 (വ്യാപാരസ്ഥാപനം) | ദ്വിതീയ മേഖല, മേല്ക്കൂര - 20% 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം + 20% | -- | 1288 | 709 | 579 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 8 | ഇന്ദിരാ ചന്ദ്രൻ, തെക്കേവാഴയിൽ, കുന്നുമ്മ, 2/308 | 41.25x7=289 | ദ്വിതീയ മേഖല, നടപ്പാത -20% | 58 | 231 | 159 | 72/2=36 (രണ്ടാം പകുതി മാത്രം) |
| 9 | കുഞ്ഞുമോൻ, ഏഴിൽച്ചിറ, കാവാലം, 1/8 | 44.89x7=315 | തൃതീയ മേഖല, മേല്ക്കൂര - 30% | 95 | 220 | 142 | 78 |
| 10 | കെ. മനോഹരൻ, ഏഴിൽച്ചിറ, കാവാലം,6/359 | 63x7=441 | ദ്വിതീയ മേഖല - 10% | 44 | 397 | 287 | 110 |
| 11 | ജോസഫ് ജോസഫ്, എഴുപതിൽച്ചിറ, കാവാലം, 6/351B | 65x7=455 | ദ്വിതീയ മേഖല , നടപ്പാത - -20% | 91 | 364 | 256 | 108 |
| | ആകെ | | | | | | 1607 |

## 2-3 തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നില്ല

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2013-14 വർഷം സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, കാവാലം | 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | സപ്പ്ലൈകോ, കാവാലം | 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 3 | കുന്നുമ്മ കെ.വി.സി.എസ്. നം.എ. 12 (0) | 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 4 | കെ.എസ്.ഇ.ബി, കാവാലം | 2013-14 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |

ഈ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ ഹാർട്ട് എന്ന അൺ എയിഡഡ് സ്ക്കൂളിലെ ജീവനക്കാരിൽ നിന്നും (സന്ധ്യാ രമേഷ്, എച്ച്.എം, അന്നമ്മ ജോസഫ്, ബിന്ദു ബാബു, ശ്രീല മനോജ്, അമ്പിളി സജി, അനുഭാ ഷാജി, ടീച്ചർമാർ, ഇന്ദിര. ആർ ഹെൽപ്പർ) 2013-14 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ (നാലുപേർ മഞ്ജു.ആർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, മഞ്ജു പി.കെ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഷിജിമോൾ പി.എസ്. അക്രെഡിറ്റഡ് ഓവർസീയർ, പ്രിയാ പി.പി, അക്രെഡിറ്റഡ് എൻജിനീയർ) 2013-14 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് - പൊതുവായ അപാകതകൾ

1. രവീന്ദ്രൻ, കൊച്ചുപുരയിൽ, 6/39 കാവാലം (വ്യാപാരം-തടിമില്ല്) എന്ന വ്യക്തിയിൽ നിന്നും യന്ത്രം പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ്, ഡി & ഒ ലൈസൻസ് ഫീസ്, കോസ്റ്റ് ഓഫ് ഫോം, തൊഴിൽ നികുതി എന്നീയിനങ്ങളിലായി (390+400+5+690=1395) 1395/- രൂപ ഈടാക്കേണ്ടതായിരുന്നെങ്കിലും, 18.07.2013 ലെ രസീത് നമ്പർ 113021000177 പ്രകാരം 1060/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ള 335 രൂപ ഈടാക്കിയറിയിക്കേണ്ടതാണ്.
2. 2012-13 ലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 92 വ്യാപാരികൾക്ക് ലൈസൻസ് നൽകിയിരുന്നതായി കാണുന്നു. എന്നാൽ 2013-14 വർഷം കേവലം 41 വ്യാപാരികൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇത്രയധികം സ്ഥാപനങ്ങൾ അടച്ചുപോകാൻ സാധ്യതയില്ലാത്തതിനാൽ അന്വേഷണം നടത്തി ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 255 പ്രകാരം ആയിരം രൂപയോളം വരുന്ന പിഴ ചുമത്തി നിയമ ലംഘനം ക്രമവത്ക്കരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാവാലം ജി.എൽ.പി.എസ് കല്ലുകെട്ടി സംരക്ഷണവും ഗേറ്റും- കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല

പ്രോജക്ട് നമ്പർ 99/14 , അളവ് പുസ്തകം - 22/13-14

കരാറുകാരൻ - ജോഷിമോൻ. എ. എം

2013-14 -ൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ കാവാലം ജി.എൽ.പി.എസ് കല്ലുകെട്ടി സംരക്ഷണവും ഗേറ്റും എന്ന പദ്ധതിയുടെ അളവ് പുസ്തകം 22/13-14, പുറം 1 പ്രകാരം ഒന്നാമിനമായി 10.16$m^3$ സാധാരണ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലായെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ആറാമിനമായി സപ്ലയിംഗ് ആന്റ് ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ ഗ്രാവൽ എർത്ത് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

25x4.5x0.15 = 16.87

9 x 2.8x0.10 = 2.52

19.39 $m^3$

ആകെ 19.39 $m^3$ ഫില്ല് ചെയ്തതിൽ കൺസോളിഡേഷൻ 10% കുറവ് ചെയ്ത് 17.2 $m^3$-ൽ പരിമിതപ്പെടുത്തി 8907/10 $m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

ഒന്നാമിനമായി കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് യോഗ്യമാണെന്നിരിക്കെ ഇതിന്റെ 60% എങ്കിലും വിനിയോഗിക്കാതിരുന്നതുമൂലം (10.16 x 60%) - 6.09 $m^3$ ഗ്രാവലിന് 8907/10 $m^3$ നിരക്കിൽ 5424/- രൂപ അധികം നൽകിയിട്ടുണ്ട്. ഈ തുക നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ - 33/13-14, തീയതി - 27.03.2014, തുക - 94879.00

## 3-2-1 പമ്പാവാലി കമ്മ്യൂണിറ്റി ഇറിഗേഷൻ കട്ടക്കുഴി (വാർഡ് 12)-ഗുണഭോക്തൃ വിഹിതം കണക്കാക്കിയതിൽ കുറവ്

പ്രോജക്റ്റ് നമ്പർ 117/14,

ബിൽ നമ്പർ 43/13-14- 31.3.14 തുക -321836

2013-14 -ൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ പമ്പാവാലി കമ്മ്യൂണിറ്റി ഇറിഗേഷൻ, കട്ടക്കുഴി - വാർഡ് 12, എന്ന പദ്ധതി പ്രകാരം പത്ത് ശതമാനം ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 3,58,600/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു . ഈ പദ്ധതിയുടെ അളവ് പുസ്തകം 33/13-14 പ്രകാരം നികുതി ഉൾപ്പെടെ വേലയുടെ ആകെ മൂല്യം 3,54,436/- രൂപയാണ്. ഇതിന്റെ പത്ത് ശതമാനം തുകയായ 35,443/- രൂപ ഗുണഭോക്തൃ വിഹിതമായി കുറവ് ചെയ്യേണ്ടതിന് പകരം 32,600/- രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. തന്മൂലം 2,843/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2-2 ജലനിധി കമ്മ്യൂണിറ്റി ഇറിഗേഷൻ - വാർഡ് 2-ഗുണഭോക്തൃ വിഹിതം കണക്കാക്കിയതിൽ കുറവ്

പ്രോജക്റ്റ് നമ്പർ 118/14

ബിൽ നമ്പർ 55/13-14- 31.3.14 തുക -284532

2013-14 -ൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ ജലനിധി കമ്മ്യൂണിറ്റി ഇറിഗേഷൻ - വാർഡ് 2 , എന്ന പദ്ധതി പ്രകാരം പത്ത് ശതമാനം ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 3,14,600/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ അളവ് പുസ്തകം 33, 52/13-14 എന്നിവ പ്രകാരം നികുതി ഉൾപ്പെടെ വേലയുടെ ആകെ മൂല്യം 313137 രൂപയാണ്. ഇതിന്റെ പത്ത് ശതമാനം തുകയായ 31,314/- രൂപ ഗുണഭോക്തൃ വിഹിതമായി കുറവ് ചെയ്യേണ്ടതിന് പകരം 28,605/- രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. തന്മൂലം 2,709/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 നാളികേരവികസനപദ്ധതി- പ്രോജക്ടിൽ വകയിരുത്തിയതിൽ കൂടുതൽ തുക ഗുണഭോക്തൃവിഹിതം ഈടാക്കി

2013-14 സാമ്പത്തിക വർഷം കൃഷിഓഫീസർ നിർവ്വഹണം ചെയ്ത നാളികേരവികസനപദ്ധതിയുടെ പ്രോജക്റ്റ് പ്രകാരമുള്ള ഫണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - S0091/14

വികസനഫണ്ട് - 250000

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 19,500/-

ആകെ അടങ്കൽ - 2,69,500/-

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1. ബിൽ നം. KBK/PP-02/13-14, തീയതി - 28.02.2014, തുക. 39,000/-
2. ബിൽ നം. KBK/PP-03/13-14 തീയതി - 28.02.2014, തുക. 2,11,000/-
3. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടച്ചത്- 26,000/-

മേൽ പ്രോജക്ട് പ്രകാരം, ഉത്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണത്തിനായി, തദ്ദേശഭരണസ്ഥാപനത്തിൽ അടയ്ക്കുന്നതിന് ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നത് 19,500/- രൂപയായിരുന്നു. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും 26,000/- രൂപ ഈടാക്കിയിരിക്കുന്നു. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്തൃവിഹിതം ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 20.11.15 ൽ നൽകിയ നം. 17 ഓഡിറ്റ് എൻക്വയറിക്ക്, തെങ്ങിൻതൈകളുടെ വില കൂടിയതിനാൽ ഗുണഭോക്തൃവിഹിതം കൂടുതൽ ഈടാക്കേണ്ടിവന്നു എന്നാണ് കൃഷിഓഫീസർ മറുപടി ലഭ്യമാക്കിയത്.

പ്രോജക്ട് പ്രകാരം ആകെ അടങ്കൽ 2,69,500/- രൂപയായിരുന്നു. എന്നാൽ ചെലവ് 2,76,000/- രൂപ മേൽ പ്രോജക്ടിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നു. 2013-14 ചെലവ് പത്രിക പ്രകാരം, 2,69,500/- മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് സെക്രട്ടറി നൽകിയ വിശദീകരണം, പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നതിൽ നിന്നും കൂടുതൽ ഗുണഭോക്തൃവിഹിതം ഈടാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥനാണെന്നും , സാംഖ്യയിൽ പ്രോജക്ടിൽ വകയിരുത്തിയതിൽ കൂടുതൽ തുക ചെലവ് രേഖപ്പെടുത്തുക സാധ്യമല്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ആയതിനാൽ അംഗീകൃത പ്രോജക്ടിൽ

നിന്നും വ്യതിചലിച്ച് തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.യഥാസമയം പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് വിധേയമായി പദ്ധതി പുതുക്കി അംഗീകാരം വാങ്ങിയ ശേഷം തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 PWD റോഡു മുതൽ പ്ലാംകോട് വരെ ഓട നിർമ്മാണം- (S0108/14) – ചെയ്യാത്ത ഇനങ്ങൾക്ക് അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിച്ചു തുക നൽകി- നഷ്ടം-രൂപ

കാവാലം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14 വർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ആകെ 8 ഇനം വേലകളുൾപ്പെടുന്ന ഈ പ്രവർത്തിയുടെ നിർവ്വഹണം സംബന്ധിച്ച് ഭൗതിക പരിശോധനയിൽ ചെയ്യാത്ത ഇനങ്ങൾക്ക് അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിച്ചു തുക നൽകിയതായി കണ്ടു. വിശദവിവരം ചുവടെചേർക്കുന്നു

1. PWD റോഡു മുതൽ പ്ലാംകോട് വരെ ഓട നിർമ്മാണം- (SO108/14)

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 40 മീറ്റർ നീളത്തിലും, 80 cm വീതിയിലും കാന നിർമ്മിച്ച് സ്ലാബ് പാകുക എന്നതായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. ആകെ 80 cm വീതിയുള്ള കാനയുടെ ഇരുവശവും നിർമ്മിച്ചിട്ടുള്ള പാർശ്വഭിത്തികളുടെ അളവ്, അളവുപുസ്തകം പേജ് 4-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെചേർക്കും പ്രകാരമാണ്.

1X31 X 0.23(av)X0.60 = 4.278$m^3$

1X31 X 0.23(av)X0.60 = 4.278$m^3$

ആകെ = 8.556m3

അളവു പുസ്തകം 44/13-14, പേജ്. 6 ൽ കാനയുടെ ഉൾവശം 1:3 അനുപാതത്തിൽ 9mm കനത്തിൽ 31മീറ്റർ നീളത്തിലും 2.01 വീതിയിലുമായി ആകെ 62.31$m^2$പ്ലാസ്റ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ആയതിന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

62.31$m^2$ x1875/10$m^2$ = 11683.00 രൂപ

എന്നാൽ 20-11-2015ൽ ഓവർസിയറോടൊപ്പം നടത്തിയ ഭൌതിക പരിശോധനയിൽ കാനയുടെ സൈഡ് വാളിന്റെ ഇരുവശവും, ഭിത്തിയുടെ മുകൾഭാഗവും പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ലായെന്ന്

പരിശോധനയിൽ നേരിൽ കണ്ടു ബോധ്യപ്പെട്ടു. അതിൻ പ്രകാരം ഈ പ്രവർത്തിയ്ക്ക് അനുവദനീയമായ തുകയുടെ വിവരം ചുവടെചേർക്കുന്നു.

31 X 0.34, (0.80 - (2x0.23(av)) = 10.54$m^2$

അനുവദനീയമായ തുക = 10.54$m^2$x1875/10$m^2$ = 1976രൂപ

നൽകിയതുക = 62.31$m^2$ x1875/10$m^2$ = 11683.00 രൂപ

അധികം നൽകിയ തുക = 11683.00- 1976.00 = <u>9707 രൂപ</u>

<u>അനുബന്ധ വിവരങ്ങൾ</u>

അടങ്കൽ - 200000/-

കരാറുകാരൻ - ജോഷിമോൻ.എ.എം (എസ്റ്റിമേറ്റ് നിരക്ക്)

അളവുപുസ്തകം - 44/13-14

ആകെ മൂല്യം -176749/-
ചെലവഴിച്ച തുക - 176749/ - ബിൽ നം.53/13-14, തീയതി. 31-03-2014

2. <u>മത്സ്യ മാർക്കറ്റ് നിർമ്മാണം.-S0154/14</u>

മത്സ്യ മാർക്കറ്റ് നിർമ്മാണം എന്ന ഈ പ്രവർത്തിയിൽ സ്ട്രസ്സ് വർക്ക്, തറയിടൽ, സ്ലാബ് നിർമ്മാണം, ഡ്രെയിനേജ് പൈപ്പ് സ്ഥാപിക്കൽ തുടങ്ങിയ വേലകളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവർത്തിയുടെ നിർവ്വഹണം സംബന്ധിച്ച് 20-11-2015ൽ ഓവർസിയറോടൊപ്പം നടത്തിയ ഭൗതിക പരിശോധനയിൽ അളവുപുസ്തകം പേജ്-12ൽ, 16-ാം ഇനമായി 11 മീറ്റർ 50 mm pvc പൈപ്പ്, അഴുക്കുവെള്ളം ഒഴുകുന്നതിനായി സ്ഥാപിച്ചതായി രേഖപ്പെടുത്തി 968/- രൂപ മൂല്യം നിർണ്ണയിച്ചു നൽകിയിട്ടുള്ള പ്രവർത്തിയും, അതുപോലെ അളവുപുസ്തകം പേജ്- 13ൽ 17-ാം ഇനമായി 17 മീറ്റർ 50 mm pvc split പൈപ്പ് മഴവെള്ളം ഒഴുകിപ്പോകുന്നതിനായി സ്ഥാപിച്ചതായി രേഖപ്പെടുത്തി 2612/- രൂപ മൂല്യം നിർണ്ണയിച്ചു നൽകിയിട്ടുള്ള പ്രവർത്തിയും നിർവ്വഹിച്ചിട്ടില്ലായെന്ന് കണ്ടു.

<u>അനുബന്ധ വിവരങ്ങൾ</u>

അടങ്കൽ - 165000/-

കരാറുകാരൻ - ഷാജി, കൊച്ചു മഴുകുന്നേൽ, കാവാലം

അളവുപുസ്തകം - 48/13-14

ആകെ മൂല്യം - 146658/-

ചെലവഴിച്ച തുക - 146658/ - ബിൽ നം.154/13-14, തീയതി. 31-3-14

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 19-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം ചെയ്യാത്ത പ്രവർത്തികൾക്കായി ആകെ ചെലവഴിച്ച 13287/- രൂപ (9707+968+2612) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 യഥാർത്ഥത്തിൽ നിർവ്വഹിച്ച വേലയുടെ അളവു പരിഗണിക്കാതെ എസ്റ്റിമേറ്റ് അളവിന് തുക നൽകിയതുമൂലം നഷ്ടമുണ്ടായത് സംബന്ധിച്ച്

കാവാലം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14 വർഷം നടപ്പിലാക്കിയ മരുവത്ര പള്ളി മുതൽ അട്ടിച്ചിറ വരെ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 168 മീറ്റർ നീളത്തിലും, 2.80 cm. വീതിയിലും 0.10 cm കനത്തിലും റോഡ് പുനരുദ്ധാരണം നടത്തുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഈ പ്രവർത്തിയുടെ അളവുപുസ്തകം പേജ് 2 പ്രകാരം ഇനം രണ്ടായി നിർവ്വഹിച്ചിട്ടുള്ള ഗ്രാവൽ ഫില്ലിംഗിന് 76.44m3 ഗ്രാവൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവിൽ നിന്നും 10% ടേപ്പ് മെഷർമെന്റ് കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവു രേഖപ്പെടുത്തിയിരിക്കുന്നത് 68.8m3 ആണ്. എന്നാൽ അളവു പുസ്തകം പേജ് 7ൽ മൂല്യം നിർണ്ണയിച്ചു നൽകിയപ്പോൾ എസ്റ്റിമേറ്റ് അളവായ 70.60m3 എന്ന് രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചു നൽകിയതുമൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്.

അനുവദനീയമായ തുക = 68.8x7745/10m3 = 53285/-

നൽകിയ തുക =70.6x 7745/10m3=54679/-

അധികം നൽകിയത് = 53285/- – 54679/- = 1394/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/16-11-15) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 1394/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഇടാക്കേണ്ടതാണ്.

<u>അനുബന്ധ വിവരങ്ങൾ</u>

അടങ്കൽ - 1,10,000/-

കൺവീനർ - കെ.ബാബു, തട്ടാതറ.

അളവുപുസ്തകം - 7/13-14

ചെലവഴിച്ച തുക- 1)109633/ - ബിൽ നം.24/13-14, തീയതി. 04-3-14

## 3-6 ചെലവുരേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

2013-14 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയറുടെ ട്രഷറി ബിൽ ബുക്കിൽ നിന്നും ബിൽ നം. 122/13-14 തീയതി 31-03-2014 പ്രകാരം വികസന ഫണ്ടിൽ നിന്നും 4,84,382/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് 12-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടും രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 4,84,382/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അംഗൻവാടികളുടെ ശോചനീയാവസ്ഥ

കാവാലം ഗ്രാമപഞ്ചായത്തിൽ ആകെ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 അംഗൻവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും ഇവയിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്വന്തമായി കെട്ടിടമുള്ളവയിൽ ഒരെണ്ണത്തിന് മാത്രമേ വൈദ്യുതി കണക്ഷനുള്ളൂ. മൂന്നാം നമ്പർ അംഗനവാടി പഞ്ചായത്ത് സാംസ്കാരിക നിലയത്തിയാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 12 അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 6 എണ്ണത്തിന് സ്വന്തമായി സ്ഥലമുള്ളവയാണ്. രണ്ട് അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി പണം അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. പതിനൊന്നാം നമ്പർ അംഗൻവാടിക്ക് 2014-15- ൽ 11.66 ലക്ഷം രൂപയും ഏഴാം നമ്പർ അംഗനവാടിക്ക് 2015-16- ൽ 13 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിനായി പണം അനുവദിച്ചവയുടെ പോലും കൃത്യമായ എസ്റ്റിമേറ്റെടുത്ത് പണി ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. പല അംഗൻവാടികൾക്കും വൈദ്യുതി, കുടിവെള്ളം

ശൌചാലയം തുടങ്ങിയ സൌകര്യങ്ങളില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ പലതും കെട്ടുറപ്പില്ലാത്ത നാശോന്മുഖമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഖ.3-8 ലെ പരാമർശവുമായി ഈ വിഷയം കൂട്ടി വായിക്കുമ്പോൾ തദ്ദേശ സ്ഥാപനത്തിന്റെ കർത്തവ്യങ്ങളും ചുമതലകളും വിസ്മരിക്കപ്പെടുന്നുവെന്ന് വ്യക്തമാകുന്നു. അംഗൻവാടികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്കും കെട്ടുറപ്പുള്ള കെട്ടിടങ്ങൾ കണ്ടെത്തുന്നതിലേക്കും പണം അനുവദിച്ചവയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 നിത്യതയിലായ വനിതാ വിശ്രമ കേന്ദ്രം

കാവാലം ബസ് സ്റ്റാന്റിൽ വനിതകൾക്ക് വിശ്രമ മുറിയും ടോയ് ലറ്റും നിർമ്മിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 3,00,000/- ലക്ഷം രൂപ വകയിരുത്തി എസ്.ഒ 84/14 ആയി പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. 2013-14-ൽ ഗുണഭോക്തൃ സമിതി വഴി 2,44,951/- രൂപ ചെലവഴിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഈ പദ്ധതി നടപ്പിലാക്കിയെങ്കിലും ഉദ്ദേശ ലക്ഷ്യം കൈവരിക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം 2013-14- ൽ പൂർത്തിയായെങ്കിലും പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാനായി തുറന്ന് കൊടുത്തിട്ടില്ല. പ്രാദേശിക പരിശോധന നടത്തിയതിൽ, പൊതുജനങ്ങൾക്ക് അപ്രാപ്യമായ വിധം ഈ വിശ്രമ കേന്ദ്രവും ടോയ്ലറ്റും കാടുപിടിച്ച് കിടക്കുന്നതായി കണ്ടു. ബസ് സ്റ്റാന്റിൽ ഗ്രാമ പഞ്ചായത്ത് 2013-14-ൽ നിർമ്മിച്ച മത്സ്യമാർക്കറ്റും നാളിതുവരെ ഉദ്ദേശ ലക്ഷ്യത്തിനായി വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ഈ മത്സ്യ മാർക്കറ്റാണ് പൊതുജനങ്ങൾ ഇപ്പോൾ വിശ്രമകേന്ദ്രമായി ഉപയോഗിക്കുന്നത്. 1,46,658/- രൂപ ചെലവഴിച്ച് നിർമ്മിച്ച മത്സ്യ മാർക്കറ്റ് പ്രസ്തുത ലക്ഷ്യത്തിനായി വിനിയോഗിക്കാത്തത് സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ, ബസ് സ്റ്റാന്റിൽ മത്സ്യ മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് താല്പര്യമില്ലായെന്ന് പഞ്ചായത്തധികൃതർ വ്യക്തമാക്കി. പദ്ധതി സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയില്ല എന്നതിന്റെ തെളിവാണ് എക്സിറ്റ് മീറ്റിംഗിലെ മറുപടി. ഇതിൽ നിന്നും പൊതുജന താല്പര്യാർത്ഥമല്ലാത്ത പദ്ധതികൾ ആണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു. പദ്ധതിപ്പണം എങ്ങനെയെങ്കിലും ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കാതെ ദീർഘവീക്ഷണത്തോടും പൊതുജനതാല്പര്യാർത്ഥവും പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യാതൊരു പ്രയോജനവുമില്ലാതെ പണി പൂർത്തിയാക്കി അടച്ചുപൂട്ടിയിട്ടിരിക്കുന്ന വനിതാ വിശ്രമ കേന്ദ്രം ഉദ്ദേശ ലക്ഷ്യത്തിനായി തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കാത്ത പക്ഷം ഫണ്ട് മുഴുവൻ പാഴ് ചെലവാകുകയും നിഷ്ക്രിയാസ്തികളുടെ എണ്ണം തദ്ദേശ സ്ഥാപനത്തിൽ വർദ്ധിക്കുകയും ചെയ്യും എന്നും ഓർമ്മപ്പെടുത്തുന്നു.

## 3-9 പരസ്യചാർജിന് ഡിസ്ക്കൗണ്ട് ലഭ്യമാക്കിയില്ല

ജി.ഒ.(ആർ.ടി)1/2011/പി.ആർ.ഡി തീയതി - 04.01.2011 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്ക്കൗണ്ട് നൽകണമെന്നിരിക്കെ, ദേശാഭിമാനി പത്രത്തിൽ നൽകിയ വിവിധ ടെണ്ടർ പരസ്യങ്ങൾക്ക് ആയത് ലഭിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അഡ്വെർടൈസ്മെന്റ് ബിൽ നം / തീയതി | നൽകിയതുക | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| 1 | CHN-2013057378/20.5.13 | 1920 | 1632 | 288 | 040463/18.6.13 |
| 2 | CHN-2013039575/19.3.13 | 1280 | 1088 | 192 | ലഭ്യമായില്ല |
| 3 | CHN-2014023175/23.2.14 | 1440 | 1224 | 216 | 112893/17.3.14 |
| ആകെ അധികം നൽകിയ തുക | | | | 696 | |

വിശദീകരണം ആവശ്യപ്പെട്ട് 19.11.15 ൽ നൽകിയ നം. 10 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം അനുവദിച്ച് നൽകിയ 696/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 അക്കൌണ്ടന്റിന്റെ ശമ്പളത്തിൽ നിന്നും എസ്.എൽ.ഐ.പ്രീമിയം ഒടുക്കുന്നില്ല

7.6.2011 മുതൽ 24.4.14 വരെ കാവാലം ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.എം.പി.ഹരികൃഷ്ണന്റെ ശമ്പളത്തിൽ നിന്നും SLI പ്രീമിയം അടവാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് 19.11.15 ൽ നൽകിയ നം.10 ഓഡിറ്റ് എൻക്വയറിക്ക്, ടിയാൻ 24.4.14 അപരാഹ്നത്തിൽ വിടുതൽ ചെയ്ത് നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചുവെന്നും, എസ്.എൽ.ഐ. പ്രീമിയം തുക ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ടിയാൻ നിലവിൽ ജോലി നോക്കിവരുന്ന ഓഫീസിലേക്ക് രേഖാമൂലം അറിയിപ്പ് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗവ.സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സിൽ താഴെയുള്ള ജീവനക്കാർ, സർവ്വീസിൽ പ്രവേശിച്ച് ഒരു വർഷത്തിനകം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള പോളിസി

എസ്.എൽ.ഐ യുടെ ഒഫീഷ്യൽ ബ്രാഞ്ചിൽ നിന്നും എടുക്കേണ്ടതാണ്. Rule 22A, Note under Rule 31, KSR Part 1(GO(p)511/2004/FIN dated 2.11.2004, GOP No.556/2008/FIN dated 16.12.2008 പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.എൽ.ഐ പ്രീമിയം എടുക്കാത്ത ജീവനക്കാർ ആദ്യത്തെ ഇൻക്രിമെന്റിന് യോഗ്യരല്ല. ഇദ്ദേഹം ജോലി അനുഷ്ഠിച്ചിരുന്ന തദ്ദേശ സ്ഥാപനങ്ങളിലെ മേലധികാരികളാരും ഇത് പരിശോധിച്ച് നിർദ്ദേശം നല്കിയില്ല എന്നതും കൃത്യ നിർവഹണത്തിലെ അലംഭാവമാണ് കാണിക്കുന്നത്. GO(P)104/12/FIN, dated. 9.2.12 ൽ അനുശാസിക്കുന്ന പ്രകാരമുള്ള എസ്.എൽ.ഐ. സബ്സ്ക്രിപ്ഷൻ എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കാലിത്തൊഴുത്ത് നിർമ്മാണം- വിശദമായ വാല്യുവേഷൻ ഇല്ല.

2013-14 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 100000/- രൂപ വകയിരുത്തി, വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത പ്രോജക്ടാണ്, ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ), (പ്രോജക്ട് നം. S0004/14). 10 ഗുണഭോക്താക്കൾക്ക് 10000/- രൂ. വീതം തൊഴുത്ത് നിർമ്മാണത്തിന് നൽകി. (ബിൽ നം.2/13-14 തീ. 29.1.14, തുക 100000/-). ജി.ഒ.(എം.എസ്)248/12/ത.സ്വ.ഭ.വ. തീ. 29.9.12 ലെ 3.2-2 ൽ പുതിയ തൊഴുത്ത് നിർമ്മാണത്തിന് റഫ് കോസ്റ്റ് എസ്റ്റിമേറ്റും വാല്യുവേഷനും എടുക്കണം. 3.2-കുറിപ്പ് 3 ൽ തൊഴുത്തിന്റെ വാല്യുവേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ/ എഞ്ചിനീയർ എടുക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 10 ഗുണഭോക്താക്കൾക്കും പ്രിന്റ് ചെയ്ത മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ "കാവാലം ഗ്രാമപഞ്ചായത്തിലെ ----- വാർഡ് ---- വീട്ടിൽ താമസിക്കുന്ന --------, 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കന്നുകാലിത്തൊഴുത്ത് നിർമ്മിച്ചിട്ടുണ്ട്. ടി വേലക്ക് -------രൂപ ചെലവായിട്ടുണ്ട് " എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ചെയ്ത പ്രവൃത്തിയുടെ വിശദമായ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് 19.11.15 ൽ നൽകിയ നം. 11 ഓഡിറ്റ് എൻക്വയറിക്ക്, ഓവർസിയർ നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ മേലൊപ്പ് വെച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നാണ് വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ചെയ്ത പ്രവൃത്തിയുടെ വിശദമായ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കി, കൃത്യമായ മോണിട്ടറിംഗ് നടത്തി, പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 തെരുവ് വിളക്ക് വൈദ്യുതിചാർജ്-രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്ക് വൈദ്യുതിചാർജിനത്തിൽ 2013-14 വർഷം കൺസ്യൂമർ നം. 10104 പ്രകാരം, മാർച്ച് മുതൽ സെപ്റ്റംബർ വരെ 28602/- നിരക്കിലും തുടർന്ന് ഒക്ടോബർ മുതൽ 31654/- രൂ. നിരക്കിലും തനതുഫണ്ടിൽ നിന്നും തുക അടവാക്കുന്നുണ്ട്. കെ.എസ്.ഇ.ബി. വൈദ്യുതിചാർജിന്റെ നിരക്ക് നിശ്ചയിച്ച്

നൽകിയതിന്റെ രേഖകൾ, താരിഫ് കാർഡ്, ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നതിന് 19.11.15 ൽ നൽകിയ നം.10 ഓഡിറ്റ് എൻക്വയറിക്ക്, രേഖകൾ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി, സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നൽകി. കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതിചാർജ് പുതുക്കിനിശ്ചയിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ഈടാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുകയും, രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 നാലാം വാർഡിലെ പോസ്റ്റുകളിൽ സി.എഫ്.എൽ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ 148/14

2013-14 -ൽ സെക്രട്ടറി നടപ്പിലാക്കിയ നാലാം വാർഡിലെ പോസ്റ്റുകളിൽ സി.എഫ്.എൽ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 16000/- രൂപ ചെലവഴിച്ച് സിബിൻ ഇലക്ട്രോണിക്സ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 2x11 വാട്ടസ് ഓട്ടോമാറ്റിക്ക് സി.എഫ്.എൽ സ്ട്രീറ്റ് ലൈറ്റ് 10 എണ്ണം വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇത് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ 45/13-14- 31.3.14 തുക -16,000/-

## 3-14 ആർജ്ജിതാവധി സറണ്ടർ - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല

എൻ.ആർ.ഇ.ജി.എസ്.ജീവനക്കാരുടെ ആർജ്ജിതാവധി സംബന്ധിച്ച സർക്കുലർ നം. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.സെൽ. 01/10/സി.ആർ.ഡി. തീ. 18/05/2011 പ്രകാരം ഒരു വർഷത്തിൽ അനുവദിക്കാവുന്ന ആർജ്ജിതാവധി 15 ആയിരിക്കെ, താഴെ ചേർത്തിരിക്കുന്ന കരാർ ജീവനക്കാർക്ക് 2014 മാർച്ച് മാസം 20 ദിവസം സറണ്ടർ അനുവദിച്ചിരിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്,തസ്തിക | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| 1 | മഞ്ജു.ആർ,<br>ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 6667 | 5000 | 1667 | 194579/29.3.14 |

| | | | | | |
|---|---|---|---|---|---|
| 2 | മഞ്ജു.പി.കെ,<br>ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 6667 | 5000 | 1667 | 194578/29.3.14 |
| 3 | ഷിജിമോൾ.പി.എസ്, അക്രഡിറ്റഡ് ഓവർസിയർ | 6667 | 5000 | 1667 | 194580/29.3.14 |
| 4 | പ്രിയ.പി.പി,<br>അക്രഡിറ്റഡ് എഞ്ചിനീയർ | 8000 | 6000 | 2000 | 194577/29.3.14 |
| ആകെ അധികം അനുവദിച്ച തുക | | | | 7001 | |

ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ ലീവ്, ആർജ്ജിതാവധി സറണ്ടർ ചെയ്ത വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതിനും, ആർജ്ജിതാവധി അധികം അനുവദിച്ചതിന് വിശദീകരണവും ആവശ്യപ്പെട്ട് 19.11.15 ൽ നൽകിയ നം. 10 ഓഡിറ്റ് എൻക്വയറിക്ക്, നിലവിൽ രജിസ്റ്റർ എഴുതുന്നില്ലായെന്നും, തുടർന്ന് എഴുതി സൂക്ഷിക്കുന്നതാണെന്നും, എൻ.ആർ.ഇ.ജി.എസ്.കരാർ ജീവനക്കാരുടെ അവധി സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച സർക്കുലറിനെക്കുറിച്ച് അറിവില്ലായിരുന്നതിനാലാണ് അധികം തുക നൽകിയതെന്നും, അധികമായി ജീവനക്കാർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. അധികമായി അനുവദിച്ച 7001 രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-15 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - അവലോകനം

| വിഭാ | വർ | പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| ഗം | ഷം | എണ്ണം | നടപ്പാക്കിയത് | സ്ഥാപനത്തിന്റെ വിഹിതം ഫണ്ട്തരം | | | ഗുണഭോക്തൃ വിഹിതം | മറ്റ് സ്ഥാപനങ്ങളുടെ വിഹിതം | | | മറ്റുള്ളവ | ആകെ | സ്ഥ്പനത്തിന്റെ വിഹിതം ഫണ്ട് തരം | | | ഗുണഭോക്തൃ വിഹിതം | മറ്റ് സ്ഥാപനങ്ങളുടെ വിഹിതം | | | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ | തനത് ഫണ്ട് | | ശുചിത്വ മിഷൻ | ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | | | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ | തനത് ഫണ്ട് | | ശുചിത്വ മിഷൻ | ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | | |
| ജനറൽ | 2012-13 | 7 | 7 | 717350 | | | | | | | | 717350 | 717350 | | | | | | | | 717350 |
| | 2013-14 | 6 | 6 | 2340165 | | | | | | | | 2340165 | 2191387 | | | | | | | | 2191387 |
| | 2014-15 | 4 | 4 | 1875689 | | | | | | | | 1875689 | 1855689 | | | | | | | | 1855689 |
| വനിത | 2012-13 | 2 | 2 | 1370000 | | | | | | | | 1370000 | 1370000 | | | | | | | | 1370000 |
| | 2013-14 | 1 | 1 | 250000 | | | | | | | | 250000 | 75000 | | | | | | | | 75000 |
| | 2014-15 | 2 | 2 | 695000 | | | | | | | | 695000 | 655000 | | | | | | | | 655000 |
| പട്ടിക ജാതി | 2012-13 | 7 | 2 | 2344532 | | | | | | | | 2344532 | 397200 | | | | | | | | 397200 |
| | 2013-14 | 4 | 4 | 2112250 | | | | | | | | 2112250 | 1252500 | | | | | | | | 1252500 |
| | 2014-15 | 5 | 4 | 951000 | | | | | | | | 951000 | 247035 | | | | | | | | 247035 |
| പട്ടിക വർഗ്ഗം | 2012-13 | 0 | 0 | | | | | | | | | | | | | | | | | | |
| | 2013-14 | 0 | 0 | | | | | | | | | | | | | | | | | | |
| | 2014-15 | 0 | 0 | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വൃദ്ധർ | 2012-13 | 1 | 1 | 50000 | | | | | | | | 50000 | 50000 | | | | | | | | 50000 |
| | 2013-14 | 0 | 0 | | | | | | | | | | | | | | | | | | |
| | 2014-15 | 1 | 1 | 150000 | | | | | | | | 150000 | 150000 | | | | | | | | 150000 |
| ഭിന്ന | 2012-13 | 2 | 2 | 743468 | | | | | | | | 743468 | 743468 | 743468 | | | | | | | 743468 |
| ശേഷി യുള്ള | 2013-14 | 2 | 2 | 3385000 | | | | | 400000 | | | | 3785000 | 3385000 | | | | | | | 3385000 |
| വർ | 2014-15 | 2 | 2 | 1350000 | | | | | 400000 | | | | 1750000 | 1264174 | | | | | | | 1264174 |

പഞ്ചായത്തിലെ 13 വാർഡുകളിലും 2013-14 വർഷത്തിൽ രണ്ടു തവണ മാത്രമേ ഗ്രാമസഭകൾ കൂടിയിട്ടുള്ളു. 2013 സെപ്തംബർ മാസത്തിലും 2014 ജനുവരി മാസത്തിലുമാണ് ഗ്രാമ സഭകൾ കൂടിയിട്ടുള്ളത്. ജന പങ്കാളിത്തം രണ്ടു മീറ്റിംഗുകളിലും ശുഷ്കമായിരുന്നു, ശരാശരി ജന പങ്കാളിത്തം യഥാക്രമം 12% ,14.5% വീതം മാത്രമായിരുന്നു. നാലാം വാർഡിൽ 27.09.13 ന് നടന്ന ഗ്രാമസഭാ മീറ്റിംഗിൽ, ആകെയുള്ള 847 അംഗങ്ങളിൽ 50 പേർ മാത്രമാണ് പങ്കെടുത്തത്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്ക് പ്രത്യേകമായി ഗ്രാമസഭകൾ ചേർന്നിട്ടില്ല.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| --ഇല്ല-- | | | | | |

### 4-2 <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Street line | | 23185 | 23185 | NIL |
| KSEB | Post shifting | | 8569 | 8569 | NIL |
| KSEB | Post shifting | | 39101 | 39101 | NIL |

**4-3. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)</u>**

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| --ഇല്ല-- | | | | | | |

**4-4. <u>വായ്പ/ വായ്പ തിരിച്ചടവ്</u>**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| |
|---|
| --ഇല്ല -- |

**4-5.** <u>**സ്ഥിരനിക്ഷേപങ്ങൾ**</u>

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | --ഇല്ല-- |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| --ഇല്ല-- | |

**4-6.** <u>**ഓഡിറ്റ് റിക്കവറി**</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| --ഇല്ല-- | | | | |

**4-7. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-4 | 2007-08 | 3-24-1 | കുടിവെള്ളം | |

**4-8. <u>ഓഡിറ്റ് പ്രത്യവലോകനം</u>**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44236527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42969733 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 113857 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br><br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 33354 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 500382 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 112250 | | പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| 2-2 | 1607 | | പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| 3-1 | | 5424 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2-1 | | 2843 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2-2 | | 2709 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 13287 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 1394 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9(1) | | 288 | ഗ്രേസി ജോസഫ്, സെക്രട്ടറി |
| 3-9(2) | | 408 | പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-14 | | 7001 | പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| ആകെ | 113857 | 33354 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 484382 | ലാൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 16000 | പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| ആകെ | 500382 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

--ഇല്ല--

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

--ഇല്ല --

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാൽകുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | ലഭ്യമാക്കിയില്ല |

| | | |
|---|---|---|
| ഗ്രേസി ജോസഫ് ,<br>സെക്രട്ടറി | സെക്രട്ടറി,<br>മീനടം ഗ്രാമ പഞ്ചായത്ത് | ഒറ്റപ്ലാക്കൽ ഹൗസ്,<br>മണർകാട്. പി.ഒ, കോട്ടയം |
| പി.എസ്.ശിഖിവാഹനൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കാവാലം ഗ്രാമ പഞ്ചായത്ത് | പനയ്ക്കൽ ചിറയിൽ,<br>കാട്ടൂർ.പി.ഒ, ആലപ്പുഴ, |

**4-9.** **<u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി.11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |

| | |
|---|---|
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരളാ സ്റ്റേറ്റ്  ഓഡിറ്റ് വകുപ്പ്